**No. 58/2024**

**സ്വയസ്ഥിതനും ആദ്യന്തമില്ലാത്തവനും സാരാംശ സമ്പൂർണ്ണനും ആയ ത്രിയേക ദൈവത്തിന്റെ തിരുനാമത്തിൽ (തനിക്കു സ്തുതി)**
**വിശുദ്ധ മാർത്തോമ്മാ ശ്ലീഹായുടെ**
**സിംഹാസനത്തിന്മേൽ ആരൂഢനായിരിക്കുന്ന**
**പൗരസ്ത്യ കാതോലിക്കായും മലങ്കര മെത്രാപ്പോലീത്തായും ആയ**
**മോറാൻ മാർ ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

BASELIOS MARTHOMA MATHEWS III
CATHOLICOS OF THE EAST AND MALANKARA METROPOLITAN
2021

കർത്താവിൽ നമ്മുടെ എല്ലാ പള്ളികളിലേയും വികാരിമാർക്കും, സഹപട്ടക്കാർക്കും, ദേശത്തു പട്ടക്കാർക്കും, പള്ളിക്കൈസ്ഥാനികൾക്കും, ശേഷം വിശ്വാസികൾക്കും വാഴ്‌വ്!

പ്രിയരെ,

ഈ വർഷം ദൈവമാതാവിനോടുള്ള വചനിപ്പ് പെരുന്നാൾ (മാർച്ച് 25) വി. ഹാശാ ആഴ്ചയുടെ തിങ്കളാഴ്ചയാണ്. ഈ പെരുന്നാൾ വരുന്ന ദിവസംതന്നെ ആചരിക്കണമെന്നത് കാനോൻ നിബന്ധനയാണ് (അധ്യായം 5, ഖണ്ഡിക 1). അതിനാൽ 25 തിങ്കളാഴ്ച സന്ധ്യാപ്രാർത്ഥന മുതൽ ഒമ്പതാം മണി നേരത്തെ പ്രാർത്ഥനവരെയും പെരുന്നാൾ മുറയ്ക്ക് എല്ലാ യാമപ്രാർത്ഥനകളും പൂർത്തീകരിക്കേണ്ടതും, മദ്ധ്യാഹ്ന പ്രാർത്ഥനയ്ക്കുശേഷം വി. കുർബ്ബാന അർപ്പിക്കേണ്ടതുമാണ്. വി. കുർബ്ബാനയ്ക്കുശേഷം ഉപവസിക്കേണ്ടതില്ല എന്നും പെരുന്നാൾ ദിവസമായതിനാൽ കുമ്പിടേണ്ടതില്ല എന്നും ഓർക്കുമല്ലോ. ഹാശായുടെ തിങ്കളാഴ്ച രാത്രി പ്രാർത്ഥനയോട് അനുബന്ധിച്ച് നടത്താറുള്ള 'വാദേ ദൽമിനോ' ശുശ്രൂഷയും ഇപ്രാവശ്യം നടത്തേണ്ടതില്ല.

ശേഷം പിന്നാലെ, സർവ്വശക്തനായ ദൈവത്തിന്റെ കൃപയും അനുഗ്രഹങ്ങളും, നിങ്ങളേവരോടും കൂടെ ഉണ്ടായിരിക്കട്ടെ. ആയത് ദൈവമാതാവായ പരിശുദ്ധ കന്യകമറിയാം അമ്മയുടെയും ഇന്ത്യയുടെ കാവൽപിതാവായ മാർത്തോമ്മാ ശ്ലീഹായുടെയും നമ്മുടെ പരിശുദ്ധ പിതാക്കൻമാരായ യൽദോ മാർ ബസേലിയോസിന്റെയും മാർ ഗ്രീഗോറിയോസിന്റെയും മാർ ദീവന്നാസിയോസിന്റെയും ശേഷം സകല ശുദ്ധിമാന്മാരുടെയും ശുദ്ധിമതികളുടെയും പ്രാർത്ഥനകളാൽ തന്നെ. ആമ്മീൻ.

സ്വർഗ്ഗസ്ഥനായ ഞങ്ങളുടെ പിതാവേ..........................

**ബസേലിയോസ് മാർത്തോമ്മാ മാത്യൂസ് തൃതീയൻ**

2024 ഫെബ്രുവരി മാസം 28 -ാം തീയതി
കോട്ടയം കാതോലിക്കേറ്റ്
അരമനയിൽനിന്നും.